**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3865** **03-03-2023 - ൽ മറുപടിയ്ക്ക്**

**സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് പരസ്യം നൽകിയ ഇനത്തിൽ ചെലവഴിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ ദേശീയ മാധ്യമങ്ങൾ ഉൾപ്പെടെ ഏതൊക്കെ പത്ര, ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും പരസ്യം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഇനത്തിൽ ആകെ ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ? | (എ) | കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്) മുഖേന 2022 - 2023 സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ ദേശീയ മാധ്യമങ്ങളിലും, പത്ര, ശ്രവ്യ മാധ്യമങ്ങളിലും നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br><br>കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭക വർഷം പദ്ധതിയിൽ 1,00,000 സംരംഭകർ എന്ന ലക്ഷ്യം പൂർത്തീകരിച്ചതിന്റെ ഭാഗമായി 2022 ഡിസംബർ 10-ാം തീയതി മലയാള പത്രങ്ങളായ മാതൃഭൂമി, മലയാള മനോരമ, ദേശാഭിമാനി, മാധ്യമം, കേരളകൗമുദി, ചന്ദ്രിക, ജനയുഗം, ജന്മഭൂമി, മംഗളം, വീക്ഷണം, സുപ്രഭാതം, ദീപിക, സിറാജ്, മെട്രോ വാർത്ത, ഇംഗ്ലീഷ് പത്രമായ ദി ഹിന്ദു എന്നിവയുടെ കേരളത്തിലെ എല്ലാ എഡിഷനുകളിലും പരസ്യം നൽകിയിട്ടുണ്ട്.<br><br>കൂടാതെ ഇതിനോടനുബന്ധിച്ച് 2022 ഡിസംബർ19-ാം തീയതി ദേശീയ മാധ്യമങ്ങളായ ദി ന്യൂ ഇന്ത്യൻ എക്സ്പ്രസ്സ് & ടൈംസ് ഓഫ് ഇന്ത്യ (ഓൾ കേരള എഡിഷൻസ്) ഇക്കണോമിക് ടൈംസ്, ബിസിനസ് ലൈൻ & ഫിനാൻഷ്യൽ എക്സ്പ്രസ്സ് (ന്യൂഡൽഹി, മുംബൈ & ചെന്നൈ എഡിഷൻസ്), ഇന്ത്യൻ എക്സ്പ്രസ്സ് (ന്യൂഡൽഹി & നോർത്ത് എഡിഷൻ) തമിഴ് ദിനപത്രമായ തീക്കതിർ (ഓൾ എഡിഷൻസ്) എന്നീ പത്ര മാധ്യമങ്ങളിലും പരസ്യം നൽകിയിട്ടുണ്ട്. മേൽ പരസ്യങ്ങൾക്ക് ചെലവായ തുക പൂർണ്ണമായി നൽകിയിട്ടില്ല.<br><br>സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2023 ജനുവരി 21 ന് എറണാകുളം കലൂർ ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനിയിൽ നടന്ന സംരംഭക മഹാസംഗമം പരിപാടിയുടെ ഭാഗമായി ക്ലബ് എഫ്. |

| | | | |
|---|---|---|---|
| | | | എം, റെഡ് എഫ്. എം, റേഡിയോ മംഗോ, റേഡിയോ മിർച്ചി, ബിഗ് എഫ്. എം എന്നീ ശ്രവ്യ മാധ്യമങ്ങളിലൂടെ 7 ദിവസങ്ങളിലായി 20 സെക്കൻഡ് ദൈർഘ്യമുള്ള പരസ്യം നൽകിയിരുന്നു.<br><br>കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭക ഹെൽപ്പ് ഡെസ്ക് രൂപീകരിക്കുന്നതിന്റെ ഭാഗമായി ക്വാർട്ടർ പേജ് ബ്ലാക്ക് &വൈറ്റ് പരസ്യം ഐ&പിആർഡി മുഖേന 27.06.2022 തീയതിയിൽ 11.10.2021 തീയതിയിലെ സ.ഉ.(അച്ചടി)നം. 5/2021/ഐ&പി.ആർ.ഡി പ്രകാരമുള്ള കേരളത്തിലെ എല്ലാ പ്രമുഖ മലയാളം, ഇംഗ്ലീഷ് ഭാഷയിലുള്ള ദിനപത്രങ്ങളിലും (ആൾ കേരള ആൾ എഡിഷൻ), തമിഴ് പത്രങ്ങളായ തീക്കതിർ (മധുര, കോയമ്പത്തൂർ എഡിഷനുകളിലും), കുമരിമുരശ് (നാഗർകോവിൽ എഡിഷൻ), കന്നട പത്രങ്ങളായ വാർത്താഭാരതി (മംഗലാപുരം എഡിഷൻ), വിജയവാണി (മംഗലാപുരം എഡിഷൻ) എന്നീ പത്രങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി സംരംഭക മഹാസംഗമം സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് 2023 ജനുവരി 21-ന് അര പേജ് കളർ പരസ്യം 11.10.2021 തീയതിയിലെ സ.ഉ.(അച്ചടി)നം. 5/2021/ ഐ&പി.ആർ.ഡി പ്രകാരമുള്ള കേരളത്തിലെ എല്ലാ പ്രമുഖ മലയാളം, ഇംഗ്ലീഷ് ഭാഷയിലുള്ള ദിനപത്രങ്ങളിലും (ആൾ കേരള ആൾ എഡിഷൻ), തമിഴ് പത്രങ്ങളായ തീക്കതിർ (ആൾ എഡിഷൻ), ദിനമുരശ് (നാഗർകോവിൽ എഡിഷൻ), കന്നട പത്രങ്ങളായ വിജയകർണ്ണാടക (മംഗലാപുരം എഡിഷൻ), ഉദയവാണി (ഉഡുപ്പി എഡിഷൻ) എന്നീ പത്രങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പരസ്യക്കൂലി നൽകുന്നതിന്റെ ഭാഗമായി ബില്ല് തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.<br><br>ദൃശ്യ മാധ്യമങ്ങളിലും, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും പദ്ധതിയുമായി ബന്ധപ്പെട്ട് പരസ്യം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ